# 'വർണ്ണബാഹ്യ നവോഥാന ശിൽപികൾ' പുസ്തകം പ്രകാശനം ചെയ്തു

തിരുവനന്തപുരം: ടിഎച്ച്പി ചെന്താരശ്ശേരി രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വർണ്ണബാഹ്യ നവോഥാന ശിൽപികൾ' എന്ന പുസ്തകം ഡെപ്യൂട്ടി സ്പീക്കർ വി ശശി മുൻ കൗൺസിലർ എം വിനോദ് കുമാറിന് നൽകി പ്രകാശനം ചെയ്തു.

തിരുവനന്തപുരത്ത് മരപ്പാലം റോഡിലെ സേവാഗിരി ഹാളിൽ നടന്ന പ്രകാശനത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ അധ്യക്ഷത വഹിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസറും പുസ്തകത്തിന്റെ എഡിറ്ററുമായ സി അശോകൻ പുസ്തകപരിചയം നടത്തി.

പി പി ഗോപി, സി കെ കുട്ടപ്പൻ കളീക്കൽ, ഡോ. എം വി തോമസ്, തോന്നയ്ക്കൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ എച്ച് ജയശ്രീ എന്നിവർ സംസാരിച്ചു.

അംബേദ്കർ സ്റ്റഡി സർക്കിൾ പ്രസിഡന്റ് സി ഗോവിന്ദൻ സ്വാഗതവും ഗ്രന്ഥകാരൻ ടിഎച്ച്പി ചെന്താരശ്ശേരി നന്ദിയും പറഞ്ഞു. 80 രൂപയാണ് പുസ്തകത്തിന്റെ വില.

അയ്യൻകാളിയുടെ സമഗ്ര ജീവചരിത്രം രചിച്ച ചരിത്രകാരനാണ് ടിഎച്ച്പി ചെന്താരശ്ശേരി. കെ പി കറുപ്പൻ മാസ്റ്റർ, കൃഷ്ണാദി ആശാൻ, കെ പി വള്ളോൻ, പി കെ ചാത്തൻ മാസ്റ്റർ, അയ്യാവൈകുണ്ഠർ, വർക്കല രാഘവൻ, കൊമ്പാടി അണിഞ്ചൻ, വെള്ളിക്കര പി കെചോതി, ശുഭാനന്ദ സ്വാമി, മേയർ കുഞ്ഞുമാമൻ, ഓതറ ടി കെ നാരായണൻ എന്നിവരുടെ ജീവചരിത്രക്കുറിപ്പുകളാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.



'വർണ്ണബാഹ്യ നവോഥാന ശിൽപികൾ' എന്ന പുസ്തകം ഡെപ്യൂട്ടി സ്പീക്കർ വി ശശി മുൻ കൗൺസിലർ എം വിനോദ് കുമാറിന് നൽകി പ്രകാശനം ചെയ്യുന്നു